പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4274 24/06/2019-ൽ മറുപടിയ്ക്ക്

## ' കർഷക തൊഴിലാളി ക്ഷേമനിധി '

| ചോദ്യം | മറുപടി |
|---|---|
| | ശ്രീ.ടി.പി.രാമകൃഷ്ണൻ |
| ശ്രീ.കെ. ബാബു | (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| (എ) കർഷക തൊഴിലാളി ക്ഷേമനിധിയിൽ എത്ര അംഗങ്ങളാണ് നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ 1604339 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ക്ഷേമനിധിയിൽ അംഗങ്ങളായ 60 വയസ്സ് തികഞ്ഞവർക്കുള്ള അംശദായം സമയബന്ധിതമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ബി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ അംശദായമായി ഒരു വർഷം 60/-രൂപ അടയ്ക്കുന്നു. ഇവർക്ക് 60 വയസ്സ് പൂർത്തിയാകുമ്പോൾ പ്രതിവർഷം 625/-രൂപ നിരക്കിൽ അംശദായം (അതിവർഷാനുകൂല്യം) ബോർഡിൽ നിന്നും വിതരണം ചെയ്യുന്നു. അതിവർഷാനുകൂല്യം വിതരണം ചെയ്യുന്നതിനായി മുൻസർക്കാർ യാതൊരു തുകയും അനുവദിക്കാതിരുന്നതുമൂലം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഈയിനത്തിൽ 251 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 130 കോടി രൂപ ആനുകൂല്യവിതരണത്തിനായി ക്ഷേമനിധിബോർഡിന് അനുവദിക്കുകയുണ്ടായി. 2017-18 സാമ്പത്തിക വർഷം അതിവർഷാനുകൂല്യ വിതരണത്തിനായി സ.ഉ.(സാധാ)നം.996/17 തൊഴിൽ പ്രകാരം അനുവദിച്ച 30 കോടി രൂപയുടെ വിതരണം പൂർത്തിയാക്കുകയും 2018-19 സാമ്പത്തിക വർഷം സ.ഉ.(സാധാ)നം.1209/18 തൊഴിൽ പ്രകാരം അനുവദിച്ച 100 കോടി രൂപയുടെ വിതരണം ബോർഡിൽ നടന്നുകൊണ്ടിരിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ